**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4438** **18-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ സഹകരണ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ സഹകരണവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>• പൂവ്വച്ചൽ റൂറൽ ഹൗസിംഗ് സഹകരണ സംഘം. ലി.നം.റ്റി.355- ഓഹരിമൂലധനം 2 ലക്ഷം രൂപ.<br>• കുറ്റിച്ചൽ പഞ്ചായത്ത് റസിഡൻസ് വെൽഫെയർ സഹകരണ സംഘം ലി.നം.റ്റി.1748- ആധുനികവൽക്കരണ ത്തിന് 3 ലക്ഷം രൂപ.<br>• ഉറിയാക്കോട് എസ്.സി/എസ്.റ്റി. സഹകരണ സംഘം ലി.നം.റ്റി.3923- വർക്കിംഗ്ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ 3 ലക്ഷം രൂപയും മാനേജിരിയൻ സബ്സിഡി ഇനത്തിൽ 3.60 ലക്ഷം രൂപയും.<br>• വിതുര സർവ്വീസ് സഹകരണ ബാങ്ക് ലി.നം.റ്റി.1048- ടൂറിസം ഫെസിലിറ്റി സെന്റർ- 20 ലക്ഷം രൂപ.<br>• അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലി.നം.റ്റി.603- കർഷക സേവനകേന്ദ്രം ആരംഭിക്കുന്നതിനായി 25 ലക്ഷം രൂപ.<br>• കരുണാകരൻ മെമ്മോറിയൽ റൂറൽ വെൽഫെയർ സഹകരണ സംഘം ലി.നം.റ്റി.1841- ആധുനികവൽക്കരണം പദ്ധതിക്കായി 3 ലക്ഷം രൂപ.<br>• പൂനലാൽ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ലി.നം.റ്റി.1983- ആധുനികവൽക്കരണം പദ്ധതിക്കായി 3 ലക്ഷം രൂപ.<br>• പുളിച്ചാല വനിത സഹകരണ സംഘം ലി.നം.റ്റി.1423- ജനസേവനകേന്ദ്രത്തിന് 5 |

| | | | | |
|---|---|---|---|---|
| | | | | ലക്ഷം രൂപ, കമ്പ്യൂട്ടറൈസേഷന് 3 ലക്ഷം രൂപ.<br>• തൊളിക്കോട് അഗ്രിക്കൾച്ചറിലിസ്റ്റ് വെൽഫെയർ സഹകരണ സംഘം ലി.നം.റ്റി.1709- കാർഷിക സംഭരണ വിതരണ കേന്ദ്രം- 5 ലക്ഷം രൂപ.<br>• അംഗസമാശ്വാസനിധി പദ്ധതിയിലൂടെ മാരകരോഗകങ്ങൾ ബാധിച്ച സംഘാംഗങ്ങൾക്ക് നൽകിയ ധനസഹായം- 34.65 ലക്ഷം രൂപ.<br>• റിസ്ക് ഫണ്ട് പദ്ധതിയിലൂടെ മരണപ്പെടുകയോ, മാരകരോഗം ബാധിക്കുകയോ ചെയ്ത വായ്പക്കാർക്കുള്ള ധനസഹായം- 83.174 ലക്ഷം രൂപ.<br>• കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്ക് പ്രഖ്യാപിച്ചിട്ടുള്ള വായ്പ ഇളവ് പദ്ധതി- 1052. 934 ലക്ഷം രൂപ.<br>• കാർഷിക വായ്പകൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഉത്തേജന പലിശ സബ്സിഡി പദ്ധതി- 18.20 ലക്ഷം രൂപ. |

സെക്ഷൻ ഓഫീസർ